വർഷം	തുക (കോടിയിൽ)
2011	121982
2012	149293
2013	175087
2014	192010 (അവലംബം SLRM)

(ഡി) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി ഒരു പുതിയ പദ്ധതി Engaging Diaspora for Investment in the State എന്ന പേരിൽ രൂപം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ നിക്ഷേപ താത്പര്യമുള്ള പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപ സാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ്വഴി നടപ്പിലാക്കിയിട്ടുണ്ട്.

പ്രവാസി മലയാളികളുടെ പുനരധിവാസം

115 (1551) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ വിദേശത്തുനിന്ന് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ മടങ്ങിയെത്തിയവർ എത്രപേരാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം പദ്ധതികൾക്കായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ഈ അപേക്ഷകളിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയെന്നും, ബാക്കിയുള്ളവ അനുവദിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളുണ്ടെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011 മുതൽ വിദേശത്തുനിന്ന് തിരികെയെത്തിയവരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. 2013 മുതൽ വിദേശത്തുനിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസി കേരളീയർക്കായി രജിസ്ട്രേഷൻ സംവിധാനം നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ 25700 പേർ വിദേശത്തുനിന്ന് തിരികെയെത്തിയതായി നോർക്ക-റൂട്ട്സ് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ രാജ്യം തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) തിരികെയെത്തിയ പ്രവാസി മലയാളികൾക്കുവേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15 % മൂലധന സബ്സിഡിയും ആദ്യത്തെ നാലുവർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. ഇതിനുപുറമേ സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം (നിതാഖത്ത്) കർശനമായി നടപ്പിലാക്കിയ സാഹചര്യത്തിൽ വിദേശരാജ്യങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. നിതാഖത്ത് മുഖാന്തരം തിരികെയെത്തി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന മേഖലകളിലാണ് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകി വരുന്നത് :

കച്ചവടം : (പൊതു വ്യാപാരം-വാങ്ങുകയും വിൽക്കുകയും തുടങ്ങിയവ)

സേവനങ്ങൾ : (റിപ്പയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ)

ഉല്പാദനം : ചെറുകിട-ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉല്പന്നങ്ങൾ, ഫർണിച്ചറും തടി വ്യവസായവും, സല്യൂകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വ്യവസായങ്ങൾ : (ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ), മത്സ്യകൃഷി/ഉൾനാടൻ മത്സ്യം വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ, പാലിനുവേണ്ടിയുള്ള കാലി വളർത്തൽ, ഭക്ഷ്യോൽപന്ന നിർമ്മാണം, സംയോജിത കൃഷി, ഫാം ടൂറിസം, ആട്ടു വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ)

(സി) വിശദാംശം അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ആദ്യഘട്ടത്തിൽ ലഭിച്ച 19690 അപേക്ഷകളിന്മേൽ ബാങ്കുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരികയാണ്. നിലവിൽ 16000-ത്തോളം പേരെ സ്ക്രീനിംഗിന് വിളിക്കുകയും സ്ക്രീനിംഗ് അറ്റൻഡ് ചെയ്ത 8000-ത്തോളം പേരിൽനിന്നും 3000-ത്തോളം പേരുടെ അപേക്ഷകൾ ബാങ്കുകളിൽ പ്രോസസിംഗിലുമാണ്. ഇതിനുപുറമേ 320 ഓളം പേർ വിവിധ വായ്പാ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ അപേക്ഷകളിന്മേൽ അവസാനഘട്ട സ്ക്രീനിംഗ് നടപടികൾ പുരോഗമിക്കുകയാണ്. നിതാഖത്ത് നടപ്പാക്കിയതുമൂലം സൗദി അറേബ്യയിൽ നിന്നു തിരികെയെത്തി നോർക്ക-റൂട്ട്സിൽ രജിസ്റ്റർ ചെയ്ത 22634 പേരുടെ ഡാറ്റാ കളക്ഷനും മറ്റ് നടപടികളും പുരോഗമിക്കുകയാണ്. ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചു വരുന്നു.

പ്രവാസി നിക്ഷേപങ്ങൾക്ക് അധികനികുതി സമ്പ്രദായം

116 (1552) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ബാങ്ക് നിക്ഷേപങ്ങളിൽ അധിക നികുതി ഏർപ്പെടുത്തുന്നതിന് തീരുമാനങ്ങളോ നിയമ നിർമ്മാണങ്ങളോ ഉത്തരവുകളോ നടപ്പാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) പ്രവാസികളുടെ നിക്ഷേപങ്ങൾക്ക് അധിക നികുതി ഏർപ്പെടുത്താനുള്ള തീരുമാനം റദ്ദ് ചെയ്യുമോ ?

ഉത്തരം

(എ) പ്രവാസികൾ വിദേശത്തുനിന്നും സ്വദേശത്തേക്ക് അയയ്ക്കുന്ന പണം ഇന്ത്യയ്ക്കകത്ത് കൈകാര്യം ചെയ്യുന്ന സേവന ദാതാക്കളുടെ മേൽ സേവന നികുതി ഏർപ്പെടുത്തി കേന്ദ്ര സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വിദേശത്തുനിന്നും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly